പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2702 — 18/08/2017-ൽ മറുപടിക്ക്

## കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) പാസ്സായവർ ഏഴുവർഷത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റ് റദ്ദാകുമെന്ന നിബന്ധന ഉണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സെറ്റ്, നെറ്റ് തുടങ്ങിയ പരീക്ഷകൾക്ക് ഇല്ലാത്ത ഈ നിബന്ധന കെ-ടെറ്റിന് മാത്രം ഉൾക്കൊള്ളിക്കുവാനുണ്ടായ കാരണം എന്താണ് ; | (ബി) | നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ) മാർഗ-നിർദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിൽ TET പരീക്ഷ നടത്തുന്നത്. കേരളത്തിൽ കെ-ടെറ്റ് പരീക്ഷയും ഈ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെയാണ് നടത്തുന്നത്. 11-2-2011 ലെ കത്ത് നമ്പർ 76-4/2010/NCTE/Acad പ്രകാരം എൻ.സി.റ്റി.ഇ സെക്രട്ടറി പുറപ്പെടുവിച്ച TET പരീക്ഷാ ഗൈഡ് ലൈനിലെ ഖണ്ഡിക 11-ൽ പറയുന്നത് അദ്ധ്യാപക നിയമനങ്ങൾക്കുള്ള TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് (Validity period) പരമാവധി 7 വർഷം എന്നതിന് വിധേയമായി അതത് സർക്കാരുകൾക്ക് തീരുമാനിക്കാം എന്നാണ്. അതിനാലാണ് TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുതാ കാലയളവായ 7 വർഷം കെ-ടെറ്റ് സർട്ടിഫിക്കറ്റിനും ബാധകമായത്. |
| (സി) | പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?. | (സി) | എൻ.സി.റ്റി.ഇ പ്രസിദ്ധീകരിച്ച മാർഗനിർദേശങ്ങളിൽ ടെറ്റ് പരീക്ഷ |

സർട്ടിഫിക്കറ്റിന്റെ സാധുതകാലയളവ്
പരമാവധി 7 വർഷമെന്ന്
നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഈ
നിബന്ധന സംസ്ഥാനത്ത് മാത്രമായി
ഒഴിവാക്കുന്നത് പ്രായോഗികമല്ല.

**സെക്ഷൻ ഓഫീസർ**